പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 212 — 19.12.2012 ൽ മറുപടിയ്ക്ക്

ദേശീയ ഔഷധ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എളമരം കരീം :<br>ശ്രീ. ജി. സുധാകരൻ :<br>ശ്രീ. വി. ശിവൻകുട്ടി :<br>ശ്രീമതി. കെ.എസ്.സലീഖ : | ശ്രീ. വി. എസ്. ശിവകുമാർ<br>ആരോഗ്യവും കുടുംബക്ഷേമവും<br>ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) കേന്ദ്ര സർക്കാർ ഇക്കഴിഞ്ഞ മാസം അംഗീകരിച്ച ദേശീയ ഔഷധനയം പരിശോധിച്ചിട്ടുണ്ടോ; | (എ) കേന്ദ്രസർക്കാർ അംഗീകരിച്ച ഔഷധ വിലനയം സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ട്. |
| (ബി) ഏറ്റവും മുന്തിയ മൂന്നു ബ്രാന്റ് മരുന്നുകളുടെ ശരാശരി വില പരിധിവിലയായി എടുത്തുകൊണ്ടുള്ള കമ്പോളാധിഷ്ഠിത വിലനിർണ്ണയ രീതി നിരവധി ഇനം മരുന്നുകളുടെ വില ഗണ്യമായി വർദ്ധിപ്പിക്കുമെന്ന കാര്യം മനസ്സിലാക്കിയിട്ടുണ്ടോ ; | (ബി) മൂവിംഗ് ആനുവൽ ടേൺ ഓവർ അഥവാ വാർഷിക വിറ്റു വരവ് 1% മോ അതിലധികമോ ഉള്ള ഉല്പന്നങ്ങളുടെ സാധാരണ ശരാശരി വില (സിമ്പിൾ ആവറേജ് പ്രൈസ്) യുടെ അടിസ്ഥാനത്തിലുള്ള ഫോർമുല പ്രകാരം പരിധി വില നിശ്ചയിക്കുമെന്നാണ് ഔഷധ നയത്തിൽ വ്യക്തമാക്കിയിട്ടുള്ളത്. ഇപ്രകാരം പരിധി വില നിശ്ചയിക്കുമ്പോൾ മരുന്നുകളുടെ വില കാര്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. |
| (സി) ദേശീയ ഔഷധ വില നയത്തിന്റെ കരടു ഘട്ടത്തിൽ സംസ്ഥാന സർക്കാർ അഭിപ്രായം അറിയിച്ചിരുന്നോ; വ്യക്തമാക്കുമോ; | (സി) ദേശീയ ഔഷധ വിലനയത്തിന്റെ കരടു ഘട്ടത്തിൽ അഭിപ്രായങ്ങൾ ആരാഞ്ഞിട്ടില്ല. |
| (ഡി) ഈ നയത്തോടുള്ള നിലപാട് അറിയിക്കാമോ; ഇത് കേന്ദ്രത്തെ അറിയിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ ? | (ഡി) കുറഞ്ഞ വിലയ്ക്ക് ജനങ്ങൾക്ക് മരുന്ന് ലഭ്യമാക്കുക എന്നതാണ് ഗവൺമെന്റിന്റെ ലക്ഷ്യം. ഭൂരിപക്ഷം രോഗികൾക്കും ഗുണമേന്മയുള്ള മരുന്നുകൾ കുറഞ്ഞവിലയ്ക്ക് ലഭ്യമാകുമെന്നതിനാലും, കമ്പോള മത്സരംമൂലം കുറഞ്ഞവിലയ്ക്ക് മരുന്നുകൾ ലഭ്യമാകുമെന്നതിനാലും ഔഷധവില നയത്തിന്റെ മിക്ക വ്യവസ്ഥകളും കേരള സർക്കാർ അംഗീകരിക്കുന്നു. ഇതു കേന്ദ്രത്തെ അറിയിച്ചിട്ടില്ല |

സെക്ഷൻ ഓഫീസർ.